REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 15-06-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **പ്രധാനമന്ത്രി നരേന്ദ്ര മോദി അഞ്ച് ദിവസത്തെ സൈപ്രസ്, കാനഡ, ക്രൊയേഷ്യ സന്ദർശനത്തിനായി ഇന്ന് സൈപ്രസിലേക്ക് തിരിക്കും.**
- **നിലമ്പൂരിൽ ഉപതെരഞ്ഞെടുപ്പിന് ദിവസങ്ങൾ മാത്രം ശേഷിക്കെ രാഷ്ട്രീയ പാർട്ടികൾ പ്രചാരണം ഊർജ്ജിതമാക്കി.**
- **അപകടത്തിൽ പെട്ട MV Wan Hai 503 സിംഗപ്പൂർ കപ്പൽ പുറംകടലിലേക്ക് മാറ്റുന്ന പ്രവർത്തനങ്ങൾ തുടരുന്നു.**
- **സംസ്ഥാനത്ത് വരും ദിവസങ്ങളിൽ അതി തീവ്ര മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ചുവപ്പ് ജാഗ്രത.**
- **FIH പ്രോ ലീഗ് പുരുഷ-വനിതാ ഹോക്കി മത്സരങ്ങളിൽ ഇന്ത്യ ഇന്ന് ഓസ്ട്രേലിയയെ നേരിടും.**

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്ര മോദി അഞ്ച് ദിവസത്തെ സൈപ്രസ്, കാനഡ, ക്രൊയേഷ്യ സന്ദർശനത്തിനായി ഇന്ന് സൈപ്രസിലേക്ക് തിരിക്കും. സൈപ്രസ് പ്രസിഡന്റ് നിക്കോസ് ക്രിസ്റ്റോ ഡൗലിഡ്സിന്റെ ക്ഷണപ്രകാരമാണ് പ്രധാനമന്ത്രി സൈപ്രസിലെത്തുന്നത്. രണ്ട് പതിറ്റാണ്ടിനിടെ ഇതാദ്യമായാണ് ഒരു ഇന്ത്യൻ പ്രധാനമന്ത്രി സൈപ്രസ് സന്ദർശിക്കുന്നത്.

കാനഡ പ്രധാനമന്ത്രി മാർക്ക് കാർണിയുടെ ക്ഷണപ്രകാരം, സന്ദർശനത്തിന്റെ രണ്ടാം ഘട്ടത്തിൽ ജി-7 ഉച്ചകോടിയിൽ പങ്കെടുക്കാൻ നരേന്ദ്രമോദി നാളെ കാനഡയിലേക്ക് പോകും. തുടർച്ചയായി ആറാം തവണയാണ് പ്രധാനമന്ത്രി ജി-7 ഉച്ചകോടിയിൽ പങ്കെടുക്കുന്നത്. ഊർജ്ജ സുരക്ഷ, സാങ്കേതികവിദ്യ, നവീകരണം എന്നിവയുൾപ്പെടെ നിർണായക ആഗോള വിഷയങ്ങൾ ഉച്ചകോടിയിൽ ചർച്ചയാകും.

സന്ദർശനത്തിന്റെ അവസാന ഘട്ടത്തിൽ പ്രധാനമന്ത്രി ക്രൊയേഷ്യ സന്ദർശിക്കും. ക്രൊയേഷ്യൻ പ്രധാനമന്ത്രി ആൻഡ്രെജ് പ്ലെൻകോവിച്ചുമായി അദ്ദേഹം ഉഭയകക്ഷി ചർച്ച നടത്തും.

✪✪✪

ദേശീയ സുരക്ഷയ്ക്കാണ് ഗവൺമെന്റ് എപ്പോഴും മുൻഗണന നൽകുന്നതെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ പറഞ്ഞു. രാജ്യത്തിന്റെ പരമാധികാരത്തെ വെല്ലുവിളിക്കുന്ന എല്ലാ ശ്രമങ്ങളെയും നിർണായക നടപടിയിലൂടെ നേരിടുമെന്ന് അദ്ദേഹം മധ്യപ്രദേശിൽ വ്യക്തമാക്കി.

✪✪✪

2029 ഓടെ ഇന്ത്യ ലോകത്തിലെ മൂന്നാമത്തെ വലിയ സമ്പദ്‌വ്യവസ്ഥയായി മാറുന്ന പാതയിലാണെന്ന് കേന്ദ്രമന്ത്രി സർബാനന്ദ സോനാവാൾ പറഞ്ഞു. അസമിലെ ദിബ്രൂഗഡിൽ മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു കേന്ദ്രമന്ത്രി.

✪✪✪

നിലമ്പൂരിൽ ഉപതെരഞ്ഞെടുപ്പിന് ദിവസങ്ങൾ മാത്രം ശേഷിക്കെ രാഷ്ട്രീയ പാർട്ടികൾ പ്രചാരണം ഊർജ്ജിതമാക്കി.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി മലപ്പുറം പ്രതിനിധി M സുരേഷ്ബാബു.

........വോയ്സ്.........

✪✪✪

ഇന്ന് ലോക വയോജന ചൂഷണ അവബോധ ദിനം. ഐക്യരാഷ്ട്രസഭയിലെ ഇന്റർനാഷണൽ നെറ്റ്‌വർക്ക് ഫോർ ദി പ്രിവൻഷൻ ഓഫ് എൽഡർ അബ്യൂസും ലോകാരോഗ്യ സംഘടനയും ചേർന്നാണ് ദിനാചരണത്തിന് തുടക്കം കുറിച്ചത്. പ്രായമായവർക്കെതിരെ നടക്കുന്ന ചൂഷണങ്ങളെക്കുറിച്ച് അവബോധം നൽകാനും അവരുടെ അവകാശങ്ങൾ സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യം ഓർമ്മിപ്പിക്കാനുമാണ് ദിനാചരണം .

✪✪✪

തീപിടുത്തമുണ്ടായ MV Wan Hai 503 സിംഗപ്പൂർ കപ്പൽ ടഗ് ഉപയോഗിച്ച് പുറംകടലിലേക്ക് മാറ്റുന്ന പ്രവർത്തനങ്ങൾ തുടരുന്നു.

പ്രതികൂല കാലാവസ്ഥയായതിനാൽ പ്രവർത്തനങ്ങൾക്ക് വേഗത കുറവാണ്. തീ ഏതാണ്ട് അണഞ്ഞിട്ടുണ്ടെങ്കിലും കട്ടിയുള്ള പുക അവശേഷിക്കുന്നുണ്ട്. കോസ്റ്റ് ഗാർഡ്, നേവി, കപ്പലുകൾ അനുഗമിക്കുന്നു. കൂടുതൽ തീരുമാനങ്ങൾ ഉണ്ടാകുന്നതുവരെ കപ്പൽ തീരത്ത് നിന്ന് 50 നോട്ടിക്കൽ മൈൽ അകലെ തടഞ്ഞുവയ്ക്കും.

✪✪✪

മനുഷ്യ, വന്യജീവി സംഘർഷ ലഘൂകരണത്തിനായി വനം-വന്യജീവി വകുപ്പ് ആവിഷ്കരിച്ച ഫുഡ്, ഫോഡർ, വാട്ടർ പദ്ധതിയുടെ ഭാഗമായി 'വിത്തൂട്ട്' വിത്തുണ്ടകളുടെ പ്രചാരണ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം വൈകീട്ട് മൂന്നിന് കോഴിക്കോട് കാക്കവയൽ വനപർവം ഇക്കോ ടൂറിസം സെന്ററിൽ മന്ത്രി AK ശശീന്ദ്രൻ നിർവഹിക്കും.

പരിസ്ഥിതി പുനഃസ്ഥാപനം, വന്യമൃഗങ്ങൾക്ക് വനത്തിനകത്ത് തന്നെ ഭക്ഷണവും വെള്ളവും ഒരുക്കൽ, മെച്ചപ്പെട്ട പാരിസ്ഥിതിക സേവനങ്ങൾ ഉറപ്പാക്കൽ തുടങ്ങിയവ ലക്ഷ്യമിട്ടുള്ള പദ്ധതിയാണിത്.

✪✪✪

സംസ്ഥാനത്ത് വരും ദിവസങ്ങളിൽ അതി തീവ്ര മഴയക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് മുന്നറിയിപ്പ് നൽകി. മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചു. തിരുവനന്തപുരം മുതൽ പാലക്കാട് വരെ ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയാണ്. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ ചൊവ്വാഴ്ച വരെ മീൻ പിടുത്തക്കാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്. മലയോരത്തും കടൽതീര മേഖലകളിലും വിനോദയാത്രകൾ പരമാവധി ഒഴിവാക്കണമെന്നും നിർദ്ദേശമുണ്ട്.

✪✪✪

കനത്ത മഴയെ തുടർന്ന് റെഡ് അലർട്ട് പ്രഖ്യാപിച്ച സാഹചര്യത്തിൽ വയനാട് ജില്ലയിലെ വിദ്യാലയങ്ങൾ, അങ്കണവാടികൾ, മദ്രസകൾ, ട്യൂഷൻ സെന്ററുകൾ, സ്പെഷ്യൽ ക്ലാസുകൾ എന്നിവക്ക് ഇന്ന് ജില്ലാ കളക്ടർ അവധി പ്രഖ്യാപിച്ചു. റസിഡൻഷ്യൽ സ്കൂളുകൾക്കും കോളേജുകൾക്കും അവധി ബാധകമല്ല. എല്ലാ മത പഠന സ്ഥാപനങ്ങൾക്കും അവധി ബാധകമാണ്.

✪✪✪

കോഴിക്കോട് ജില്ലയിൽ കനത്ത മഴ തുടരുന്നതിനാലും റെഡ് അലേർട്ട് പ്രഖ്യാപിച്ച സാഹചര്യത്തിലും ക്വാറികളുടെ പ്രവർത്തനം, മണ്ണെടുക്കൽ, ഖനനം, കിണർ നിർമ്മാണ പ്രവർത്തനങ്ങൾ, മണലെടുക്കൽ എന്നിവ താൽക്കാലികമായി നിർത്തിവെച്ചു. വെള്ളച്ചാട്ടങ്ങൾ, നദീതീരങ്ങൾ, ബീച്ചുകൾ ഉൾപ്പെടെ എല്ലാ ജലാശയങ്ങളിലേക്കും പ്രവേശനം  പൂർണ്ണമായി നിരോധിച്ചും ദുരന്ത നിവാരണ അതോറിറ്റി ചെയർമാൻ കൂടിയായ ജില്ലാ കലക്ടർ സ്നേഹിൽ കുമാർ സിംഗ് ഉത്തരവിട്ടു.

ഉരുൾപൊട്ടൽ ഭീഷണി നിലനിൽക്കുന്ന മലയോര പ്രദേശങ്ങൾ, ചുരം മേഖലകൾ എന്നിവിടങ്ങളിലേക്ക് രാത്രി ഏഴ് മുതൽ രാവിലെ ഏഴ് വരെ അടിയന്തിര യാത്രകൾ അല്ലാത്തവ ഒഴിവാക്കണമെന്നും ഉത്തരവിൽ പറയുന്നു.

✪✪✪

കണ്ണൂർ ജില്ലയിൽ ഇന്നലെ ഉച്ചയ്ക്ക് ശേഷം ചില ഭാഗങ്ങളിൽ ശക്തമായ മഴയുണ്ടായി. വൈകീട്ട് കവചം മുന്നറിയിപ്പ് സംവിധാനത്തിന്റെ ഭാഗമായി സൈറൺ മുഴക്കി. വളപട്ടണം മുതൽ ന്യൂ മാഹി വരെ കടലാക്രമണത്തിനും ഉയർന്ന തിരമാലക്കും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതി പഠനഗവേഷണകേന്ദ്രം അറിയിച്ചു.

ശക്തമായ കാറ്റിൽ കണ്ണൂർ-മട്ടന്നൂർ റോഡരികിൽ രണ്ടിടത്ത് മരം വീണു. അഴീക്കോട് ഭാഗത്തും നാശനഷ്ടങ്ങൾ ഉണ്ടായി. പഴശ്ശി ഡാമിന്റെ ആകെയുള്ള 16 ഷട്ടറുകളിൽ 5 ഷട്ടറുകൾ ഉയർത്തി. മൂന്നെണ്ണം ഒരു മീറ്റർ വീതവും രണ്ടെണ്ണം അര മീറ്ററുമാണ് ഉയർത്തിയിട്ടുള്ളത്.

✪✪✪

കൊച്ചി - ധനുഷ്കോടി ദേശീയ പാതയുടെ ഭാഗമായ മൂന്നാർ ഗ്യാപ് റോഡ് വഴി രാത്രികാല ഗതാഗതം മറ്റന്നാൾ വരെ നിരോധിച്ചു. ഇതോടൊപ്പം റോഡിന്റെ വശങ്ങളിൽ വാഹനങ്ങളുടെ പാർക്കിങ്ങും നിരോധിച്ചിട്ടുണ്ട്.

✪✪✪

കോഴിക്കോട് മീഞ്ചന്ത അരീക്കാട് ഉറവൻ കുളത്തിൽ കുളിക്കുന്നതിടെ യുവാവ് മുങ്ങി മരിച്ചു. മാറാട് പൊന്നത്ത് ഹൗസിലെ  സൻജയ് രാജ് ആണ് മരിച്ചത്.

✪✪✪

FIH പ്രോ ലീഗ് വനിതാ ഹോക്കിയിൽ ഇന്ന് ഇന്ത്യ വീണ്ടും ഓസ്ട്രേലിയയെ നേരിടും. ലണ്ടനിലെ ലീ വാലി ഹോക്കി ആൻഡ് ടെന്നീസ് സെന്ററിലാണ് മത്സരം. ഇന്നലെ നടന്ന മത്സരത്തിൽ ഇന്ത്യൻ ടീം ഓസ്ട്രേലിയയോട് 3-2ന് പരാജയപ്പെട്ടു. പോയിന്റ് പട്ടികയിൽ ഇന്ത്യ ഇപ്പോൾ ഏഴാം സ്ഥാനത്താണ്. 11 പോയിന്റുമായി ഓസ്ട്രേലിയ ആറാം സ്ഥാനത്താണ്.

FIH പ്രോ ലീഗ് പുരുഷ ഹോക്കിയിൽ ബെൽജിയത്തിൽ ഇന്ന് ഇന്ത്യ വീണ്ടും ഓസ്ട്രേലിയയെ നേരിടും. ഇന്നലെ ഇന്ത്യൻ പുരുഷ ഹോക്കി ടീം ഓസ്ട്രേലിയയോട് 2-3ന് പരാജയപ്പെട്ടു. 13 കളികളിൽ നിന്ന് 15 പോയിന്റുമായി ഇന്ത്യ അഞ്ചാം സ്ഥാനത്താണ്.

✪✪✪

ചരിത്രപ്രസിദ്ധമായ ഓച്ചിറക്കളി ഇന്നും നാളെയും കൊല്ലം ഓച്ചിറ പടനിലത്ത് നടക്കും. ഉച്ചയോടെ കളിസംഘങ്ങൾ ഘോഷയാത്രയായി പരബ്രഹ്മസന്നിധിയിലെത്തും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി S നീരജ്ലാൽ...

........വോയ്സ്......

രാജഭരണകാലത്തെ പടയോട്ടവും പോരാട്ടവും ഓർമ്മിപ്പിച്ച് പടനിലത്ത് ഇന്നും നാളെയും ആയോധനകലയുടെ അഭ്യാസപ്രകടനങ്ങൾ നടക്കും. പരബ്രഹ്മ ക്ഷേത്രത്തിന് സമീപമുള്ള വിശാലമായ ഭൂമി പണ്ട് കായംകുളം രാജാവ് ആയോധന പരിശീലനത്തിന് ഉപയോഗിച്ചിരുന്നു. അതിന്റെ ഓർമ്മ പുതുക്കലാണ് മിഥുനം ഒന്ന് രണ്ട് തിയ്യതികളിൽ പടനിലത്ത് നടക്കുന്ന ഓച്ചിറക്കളി,. നിഷ്ഠയോടെ കളരികളിൽ പരിശീലനം നേടിയ യുവാക്കളും, കൊച്ചുകുട്ടികളും, പ്രായമേറിയവരും പരബ്രഹ്മ സന്നിധിയിയിലെത്തി പ്രതീകാത്മകമായി പോരാടും.

. കരുനാഗപ്പള്ളി, കാർത്തികപ്പള്ളി മാവേലിക്കര എന്നീ താലൂക്കുകളിൽ ഉൾപ്പെട്ട 52 കരകളിൽ നിന്നുള്ള കളിസംഘങ്ങളാണ് ഇന്നും നാളെയുമായി പരബ്രഹ്മസന്നിധിയിൽ പ്രതീകാത്മകമായി ഏറ്റുമുട്ടി ഓച്ചിറക്കളി കാഴ്ചവയ്ക്കുന്നത്. കുട്ടികൾ മുതൽ പ്രായമേറിയവർവരെ യോദ്ധാക്കളുടെ വേഷമണിഞ്ഞ് പടനിലത്തെത്തി അങ്കം കുറിച്ച് പോരാടും. കരക്കളിക്ക് ശേഷം, എട്ട് കണ്ടത്തിൽ പോരാട്ടവും നടക്കും. ആയോധനകലയിലെ പാടവം കണ്ടറിയാൻ പടനിലത്ത് ആയിരങ്ങളെത്തും.

✪✪✪

കണ്ണൂർ കൊട്ടിയൂർ വൈശാഖ മഹോത്സവത്തിലെ നാല് ആരാധനകളിൽ ആദ്യത്തേതായ തിരുവോണം ആരാധന ഇന്ന് നടക്കും. ഉച്ചയ്ക്ക് പൊന്നിൻ ശീവേലിയും ആരാധനാസദ്യയും ഉണ്ടാവും. മറ്റന്നാളാണ് ഇളനീർവെപ്പ്. ക്ഷേത്രത്തിലേക്ക് വലിയ ഭക്തജന തിരക്കാണ് അനുഭവപ്പെടുന്നത്.

✪✪✪

വെർച്ച്വൽ ലോകത്തോടൊപ്പം ചുറ്റുപാടുകളെക്കൂടി അറിഞ്ഞ് കുട്ടികൾ സമൂഹത്തിന് മാതൃകയാകണമെന്ന് സ്പീക്കർ AN ഷംസീർ പറഞ്ഞു. കുട്ടികളെ ടെക് ഫ്രണ്ട്‌ലിയായി വളർത്തുന്നതിനൊപ്പം തന്നെ വായനയിലേക്ക് കൊണ്ടുവരാനും രക്ഷിതാക്കൾക്കും അധ്യാപകർക്കും സാധിക്കണമെന്നും കണ്ണൂർ കതിരൂർ തരുവണത്തെരു യു.പി സ്കൂളിലെ വികസന വിജയോത്സവം പരിപാടി ഉദ്ഘാടനം ചെയ്യവെ സ്പീക്കർ പറഞ്ഞു.

✪✪✪

ഇടുക്കി പീരുമേട് വനത്തിനുള്ളിൽ ആദിവാസി സ്ത്രീ മരിച്ചത് കാട്ടാനയുടെ ആക്രമണത്തിലല്ലെന്ന് സംശയം. പീരുമേട് തോട്ടാപ്പുര സ്വദേശി സീതയുടെ മരണം സംബന്ധിച്ചാണ് വിവാദവും സംശയവും ഉയർന്നിരിക്കുന്നത്.

സീത ക്രൂര മർദ്ദനമേറ്റ് കൊല്ലപ്പെടുകയായിരുന്നെന്നാണ് വനം വകുപ്പധികൃതരുടെ വിലയിരുത്തൽ. പോസ്റ്റ്മോർട്ടം ചെയ്ത സർജ്ജനിൽ നിന്ന് ലഭിച്ച പ്രാഥമിക സൂചനകൾ തങ്ങളുടെ നിഗമനം ശരി വയ്ക്കുന്നതാണെന്നും വനം വകുപ്പ് അധികൃതർ പറഞ്ഞു.

✪✪✪

കണ്ണൂർ ജില്ലയിലെ വിവിധ കോടതികളിൽ നടന്ന ദേശീയ ലോക് അദാലത്തിൽ 288 കേസുകൾ തീർപ്പാക്കി. കോടതികളിൽ നിലവിലുള്ളതും അല്ലാത്തതുമായ 651 കേസുകളാണ് പരിഗണിച്ചത്. വിവിധ കേസുകളിൽ നഷ്ട പരിഹാരമായി 4 കോടി 84 ലക്ഷത്തി 34 ആയിരത്തി 410 രൂപ കക്ഷികൾക്ക് നൽകാൻ ധാരണയായി.

✪✪✪

*News Editor: പി ചന്ദ്രബാബു*
*News Reader : അബ്ദുൾ കബീർ*
*CNRT: രജ്ന കെ*
*DEO : സി കെ സുബോധ്*

आकाशवाणी